www.malankaralibrary.com

മാർച്ച്
2023
ലക്കം 3

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



## നോമ്പിന്റെ അരൂപിയിൽ

www.malankaralibrary.com

# എഡിറ്റോറിയൽ



## പുണ്യം പൂക്കുന്ന നോമ്പുകാലം

ഏലി.....ഏലി......ല്മാ സബക്ഥാനി....

തലയോടിടം എന്ന അർത്ഥമുള്ള ഗോഗുൽത്തായിലേക്ക് അവർ അവനെ കൊണ്ട് പോയി....
ഒരു മുപ്പത്തിമൂന്നുകാരൻ യുവാവ് കൊലക്കളത്തിലേക്ക് നയിക്കപ്പെടുന്നു.... അവന്റെ മുഖത്ത് ഒട്ടും നിരാശയില്ല... കണ്ണുകളിൽ നൈരാശ്യമില്ല..

ചങ്ക് തകരുന്ന വേദന ഉള്ളിൽ ഉണ്ടെങ്കിലും എല്ലാം സഹിച്ച് ബലി പൂർത്തിയാക്കനായി പിതാവിന്റെ ഇഷ്ടം പോലെ അവൻ നടന്ന് നീങ്ങുന്നു...

തന്റെ മകന്റെ മരണം മുൻപിൽ കാണുന്ന ഒരു അമ്മ...എത്ര ഹൃദയഭേദകം ആയ രംഗം..കരയാനല്ലാതെ മറ്റൊന്നും ചെയ്യാനില്ലായിരുന്നു..
എന്നാൽ ഈശോ ഇതാ നിന്റെ അമ്മയെന്ന് പറഞ്ഞ് യോഹന്നാന്റെ കൈകളിൽ അമ്മയെ എൽപ്പിച്ച് കൊടുക്കുന്നു...
അവന്റെ ചുറ്റും സങ്കടത്തോടെ നിന്നവരെയൊക്കെ അവൻ ആശ്വസിപ്പിക്കുമ്പോഴും സ്വന്തം വേദനയെപ്പറ്റി ആരോടും മിണ്ടി ഇല്ല...

മൂന്ന് പ്രാവശ്യം അവിടുന്ന് മുഖം കുത്തി നിലത്ത് വിഴുന്നുണ്ട്.. രക്തം ഒലിക്കുന്നുണ്ട്. ദേഹം മുഴുവനും പട്ടാളക്കാർ അടിച്ച് പൊട്ടിച്ച പാടുകൾ... അവന്റെ വസ്ത്രങ്ങൾ പോലും അവർ വലിച്ച് കീറി... രക്തത്തിൽ ഒട്ടിപ്പിടിച്ച വസ്ത്രങ്ങൾ വലിച്ചെടുത്തപ്പോൾ അനുഭവിച്ച വേദന ഒരു മനുഷ്യന് സഹിക്കാവുന്നതിലും അപ്പുറം അല്ലേ....

വേറോനിക്കാ തന്റെ തൂവലാ കൊണ്ട് ആ മുഖം തുടച്ചപ്പോൾ രക്തതുള്ളികളാൽ ആ മുഖം അതിൽ പതിഞ്ഞു..

ഒരു ദൈവപുത്രൻ എന്തിനിങ്ങനെ... അവന് രക്ഷപ്പെടാൻ ഒരു വാക്ക് പറഞ്ഞൂടായിരുന്നോ...??
ഇല്ല.....
ലോക പാപങ്ങൾക്ക് വേണ്ടി താൻ ബലിയാകണം എന്ന് അവന് പൂർണ്ണ ബോധ്യം ഉണ്ടായിരുന്നു.

കൈകളിലും കാലുകളും ആണികൾ തുളച്ച് കയറിയപ്പോഴും കൈയ്പ്പ് കലർത്തിയ കാടി നൽകിയപ്പോഴും കുന്തം കൊണ്ട് അവിടുത്തെ വിലാപ്പുറത്ത് കുത്തിയപ്പോഴും അവിടെ നിന്ന് രക്തവും വെള്ളവും ഒഴുകിയപ്പോഴും....കീരിടം വയ്ക്കേണ്ട അവന്റെ തലയിലേക്ക് മുൾമുടി വയ്ക്കപ്പെടുന്നു.. തെറ്റു ചെയ്യാത്തവൻ രണ്ട് കള്ളന്മാർക്ക് നടുവിൽ ക്രൂശിക്കപ്പെടുന്നു....

അവൻ പ്രാർത്ഥിച്ചത്... പിതാവെ,ഇവരോട് ക്ഷമിക്കണമേ എന്നാണ്..
ഇന്നലെ, തന്നോടൊപ്പം ഭക്ഷണത്തിന് ഒപ്പം ഇരുന്ന തന്റെ പ്രിയ ശിഷ്യൻ തന്നെ ഒറ്റി കൊടുക്കും എന്ന് അറിഞ്ഞിട്ടും അവനെയും ചേർത്ത് ഇരുത്തി ഭക്ഷണം നൽകി...

www.malankaralibrary.com

കുരുടന് കാഴ്ച്ച നൽകിയവൻ, മരിച്ചവരെ ഉയർപ്പിച്ചവൻ, കുഷ്ഠരോഗിയെ സുഖപ്പെടുത്തിയവൻ, അപ്പം വർദ്ധിപ്പിച്ചവൻ....

ഇതാ എല്ലാം സഹിച്ച് ആകാശത്തിനും ഭൂമിക്കും മീതെ ഒരു പച്ചമരക്കുരിശിൽ പച്ചിരുമ്പാണികളാൽ തറച്ച് തുപ്പലും അടിയും നിന്ദയും സഹിച്ച് മരണത്തിനായി കിടക്കുന്നു..

ഭൂമി പോലും അവന്റെ മരണത്തിൽ തേങ്ങിക്കരയുന്നുണ്ടായിരുന്നു...
സൃഷ്ടാവിന്റെ നഗ്നത കാണാതിരിക്കാൻ സൂര്യൻ സ്വയം തല താഴ്ത്തി..
എന്നാലും.....
മരണത്തെ ജയിച്ച് ദൈവപുത്രൻ മൂന്നാം ദിവസം ഉയിർക്കും..

കർത്താവെ....
ഞങ്ങൾക്ക് വേണ്ടിയുള്ള നിന്റെ കഷ്ടാനുഭവും ഞങ്ങളെ പ്രതിയുള്ള നിന്റെ കുരിശ് മരണവും വാഴ്ത്തപ്പെട്ടുതന്നെ,
ഞങ്ങൾക്ക് വേണ്ടി മരണം ആസ്വദിച്ചവനെ ഞങ്ങളോട് കരുണ ചെയ്യണമേ....

സ്നേഹപൂർവ്വം
സുബിൻ തോമസ്
സഭാതല ജനറൽ സെക്രട്ടറി
ചീഫ് എഡിറ്റർ



www.malankaralibrary.com



# Presidential Desk

ഹൃദയ താളങ്ങളുടെ ദിശ മാറ്റിമറിക്കുന്ന പുണ്യം വിളയുന്ന 50 ദിനങ്ങളുടെ നോമ്പുകാലത്തിന്റെ അവസാന ദിനങ്ങളിലേക്ക് നാം കടന്നുവരികയാണ്. തിരക്കിട്ട ജീവിതയാത്രയിൽ ക്രിസ്തുവിനോടൊപ്പമായിരിക്കാൻ നാം തിരഞ്ഞെടുക്കുന്ന 50 ദിനങ്ങൾ, ഓരോ യുവജനങ്ങളുടെയും സ്വയം വിലയിരുത്തലിന്റെയും തപസ്സിന്റെയും നല്ല ദിവസങ്ങളാണ് കടന്നുപോകുന്നത്. തിടുക്കത്തിൽ മുന്നേറാൻ തിരഞ്ഞെടുത്ത സൗഭാഗ്യ കാലഘട്ടത്തെ ക്രിസ്തു സ്നേഹത്തോട് ഉപമിക്കുന്ന പുതിയ തലമുറയിലെ യുവജനങ്ങൾ ക്രിസ്തു നടന്ന വഴികളിലൂടെ ഹൃദയംകൊണ്ട് യാത്ര ചെയ്യുകയാണ്. എവിടെയാണ് ഈ യാത്ര ചെന്നെത്തുക? ആരാണ് ഈ യാത്രയെ നിയന്ത്രിക്കുക? വളരെ പ്രസക്തമായ രണ്ട് ചോദ്യങ്ങൾ ഈ നോമ്പുനാളിൽ എന്നെ വല്ലാതെ അലട്ടിയിരുക്കുന്നു. പാതിവഴിയിൽ നിന്ന് പിന്നിലേക്ക് തിരിഞ്ഞുനോക്കി ഇനിയും ഈ അനുഷ്ഠാനം മുന്നോട്ടു കൊണ്ടുപോകണമോ എന്ന് ചിന്തിക്കുന്ന സംഘർഷത്തിന്റെ നാളുകളിലൂടെ ചിലരെങ്കിലും കടന്നുപോകുമ്പോൾ, പച്ചയായ ഒരു മനുഷ്യൻ അവനുവേണ്ടിയും ലോകം മുഴുവനും വേണ്ടിയും ഒരു യാത്ര നടത്തിയത് നമുക്ക് അനുസ്മരിക്കാതിരിക്കാനാകില്ല.  അങ്ങനെയെങ്കിൽ ഈ യാത്ര എത്തിനിൽക്കുന്നത് ക്രിസ്തുവിന്റെ കുരിശിന്റെ ചുവട്ടിലാണ്. ഈ യാത്രയിൽ നമ്മോടൊപ്പം ഉള്ള ക്രിസ്തുവും അവന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയവുമാണ്. അവർ ഒരുപക്ഷേ നമ്മുടെ കൂടെ നടക്കുന്നത് നമ്മൾ ചിന്തിക്കുന്ന വേഷധാരികളായി ആയിരിക്കില്ല. നമ്മുടെ ഒപ്പമുള്ളവരിൽ, ക്രിസ്തുവിനെ കാണാൻ കഴിയണം നമ്മുടെ മുൻപിൽ വന്നു നിൽക്കുന്ന സഹനങ്ങളിൽ ക്രിസ്തു സ്നേഹം രുചിച്ചറിയാൻ സാധിക്കണം, കണ്ടുമുട്ടാൻ സാധിക്കണം.

എന്റെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എന്റെ ചുറ്റുമുണ്ട് എന്ന് അഹങ്കരിക്കുന്ന പുതിയ തലമുറയുടെ യുവജനങ്ങൾ ക്രിസ്തുവിനെ നോക്കാൻ ആഗ്രഹിക്കുന്ന നല്ല നാളേക്കായി കാത്തിരിക്കാം.

നല്ല നോമ്പുകാലഘട്ടവും നല്ല ഉയിർപ്പ് കാലവും ഹൃദയംകൊണ്ട് ആശംസിക്കുന്നു.

**എയ്ഞ്ചൽ മേരി**
എം.സി.വൈ.എം. പ്രസിഡന്റ്

www.malankaralibrary.com





**സെബിൻ മാത്യു**
മൂവാറ്റുപുഴ ഭദ്രാസനം,
സഭാതല സിൻഡിക്കേറ്റ്

# ഭാരങ്ങളുടെ വിൽപ്പനശാല

‘ഇവിടെ ഉചിതയമായ നുകങ്ങൾ
മാത്രം വിൽക്കപ്പെടുന്നു’
– ഒപ്പ്
പ്രൊപ്രൈറ്റർ ജോസഫ് മകൻ യേശു

നമ്മുടെ ചുമലുകൾക്കിണങ്ങിയ ഭാരമേ കൈമാറ്റം ചെയ്യപ്പെടുന്നുള്ളു. വി. നോമ്പിന്റെ ചിന്തകൾ ഉള്ളിലേക്കു വരുമ്പോൾ വല്ലാത്തൊരു ഭാരമാണ്. രാവിലെ 6.30 ന് ഉള്ള പരിശുദ്ധ കുർബാനയ്ക്ക് പങ്കെടുക്കുവാൻ പറ്റാത്തതിന്റെ ഭാരം. കുരിശുവഹിച്ചവന്റെ കൂടെ അവൻ നടന്ന വഴികളെ ഓർക്കാൻ പറ്റാത്തതിന്റെ ഭാരം. ഇതിനെല്ലാം കാരണം മടി തന്നെ.

ജീവിതത്തിലെ ഓരോ വീഴ്ചകൾക്കും പിൻവാങ്ങലുകൾക്കും സാഹചര്യങ്ങളെയും സന്ദർഭങ്ങളെയും കുറ്റം പറഞ്ഞുകൊണ്ടിരിക്കവേയാണ് ബോബി ജോസ് കട്ടിക്കാട് അച്ചന്റെ ‘ചില്ല്’ വായിക്കുന്നത്. അച്ചന്റെ ചിന്തകൾ എന്നും മനം നിറയ്ക്കുന്നതാണ്... മനം തിരിക്കുന്നതാണ്...അതെ, നമുക്ക് ചുമക്കാൻ കഴിയാത്ത ഒരു ഭാരവും അവൻ നമുക്ക് തരുന്നില്ല. ഒരിക്കലും. ആ അനന്തസ്നേഹത്തിന്റെ രക്തത്തുള്ളികളെ സ്മരിക്കാതെ ഒരു മനുഷ്യന് എങ്ങനെ കടന്നുപോകാൻ സാധിക്കും?

www.malankaralibrary.com



വന്ന വഴികൾ തിരിഞ്ഞു നോക്കിയാൽ അനന്ത വും ആശ്ചര്യപൂർണവുമായ ആ വലിയ കരുതലിന്റെ നടത്തിപ്പ് കാണാം. വീണുപോയിട്ടും പിടിച്ചെഴുന്നേൽപ്പിച്ചവൻ... വലിയ വീഴ്ചകളിൽ വീഴാതെ കാത്തവൻ.... അത്ഭുതങ്ങൾ...

'അപ്പാ, അങ്ങെന്നെ ഏല്പിച്ച ഒരാളെയും ഞാൻ വിട്ടുകളഞ്ഞിട്ടില്ല'. അതെ ഒരാളെയും. രണ്ടായിരം വർഷം പഴക്കമുള്ള ഒരു യാത്രമൊഴിയുടെ അനുരണനം. അവന്റെ നുകം നാം ഓരോരുത്തരും ആയിരുന്നു, അവന്റെ പിതാവ് അവന് നൽകിയ ഭാരമേറിയ ആ മരക്കുരിശ്.

ഇന്നും അത് അവന്റെ ചുമലിൽ തന്നെ ഇരിപ്പുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ആ ഭാരത്താൽ കുനിഞ്ഞുപോയ ശരീരം തന്നെയാണ് ഇന്നും എന്നെ താങ്ങിനിർത്തുന്നത്. അവൻ ആ നുകം ഇനിയും ഇറക്കിവച്ചിട്ടില്ല.... ഇറക്കിവെയ്ക്കുകയുമില്ല....

ഇങ്ങനെ, എന്നെയും നിന്നെയും ചുമലിൽ ഏറ്റി, കാതങ്ങൾ താണ്ടികൊണ്ടിരിക്കുന്ന ആ മഹാമനുഷ്യന്റെ ചുമലിൽനിന്നിറങ്ങി, അവന്റെ കൂടെ നടക്കുവാനും അവന്റെ നുകത്തിന് ഒരു കൈസഹായം നൽകുവാനും എന്നു നമ്മൾ താഴെയിറങ്ങുന്നുവോ, അന്ന്, ഒട്ടകം സൂചിക്കുഴിയിലൂടെ പ്രവേശിക്കുന്നു.

ആദ്യവാചകം വീണ്ടും ആവർത്തിക്കുന്നു 'ഇവിടെ ഉചിതമായ നുകങ്ങൾ മാത്രം നല്കപ്പെടുന്നു...നമ്മുടെ ചുമലുകൾക്കിണങ്ങിയ ഭാരങ്ങൾ' ബാക്കിയുള്ളവയെല്ലാം ചുമക്കുന്നത് അവൻ തന്നെ, ആ നസ്രായൻ....



www.malankaralibrary.com

# The New Normal



**Cyriac V John**
*President, MCYM*
*Thiruvalla Eccl. District*

From the title you might be guessing that this article is going to be about Coronavirus. But no; it is in fact about the "new normal" that was set 2000 years ago. We have completed fifty days of Lent and the Easter meal was delicious. Then let me ask you a question, are you back to normal or have you developed a new normal? If you scrunched up, then keep reading.

Before the Great Lent, we celebra ted 3 days of Lent based on the fast of Nineveh. The people of Nineveh listened to Jonah, the prophet of the Lord, moved by the destruction that would fall upon them, decided to humble themselves and prayed 40 days for redemption. In the end, Yehweh decided to spare the city of Nineveh. Since God changed His mind about the calamity that He had said He would bring upon them and He did not do it, did the people of Nineveh turn back to evil again? We know nothing more about it from the Scriptures but from John 8:11, "Jesus said: 'Neither do I

www.malankaralibrary.com



like it's our last change to eternal salvation.

As Christians today, we celebrate the risen Lord with great fervour. In the beginning, the death on the cross scattered the disciples, now it unites us. Even though there was darkness, pain and fear, at present, we enjoy great liberty. From a few disciples in Jerusalem to a great congregation around the globe, the life we savour is a blessing. After all, COVID'19 did not just bring catastrophe and isolation but also helped us understand the value of life.

condemn you. Go your way, and from now on do not sin again.'" If the Lord has given us another day, then let us not tread the path of death again.

We proclaim our faith by saying that Jesus has died, He rose again from the dead and He will come again to judge the living and the dead. "So if you have been raised with Christ, seek the things that are above, where Christ is, seated at the right hand of the God '' (Col 3:1), we also believe in a new life in Christ. When the Creator has nullified Himself for His creation, what more do we have in this life to boast about? Let's ponder on the blessing the thief received on the cross. If he was sentenced to death on a cross by the Romans, then he is not a thief who stole a piece of bread to satisfy his hunger but one who might have been a nightmare to several people. If that man, a great sinner, became a believer by proclaiming the man next to him as the true God, then brothers and sisters, we must proclaim our faith every second

To sum it all, as God's chosen ones, holy and beloved, let us clothe ourselves in compassion, kindness, humility, meekness and patience (Col 3:12). The death and resurrection of Christ created a new beginning, a new normal! The light that Jesus spreads around the world shines bright and as bearers of the great light let us continue our mission as obedient children of God.






# MCYM ODISHA REGION

**Haresh Pan**
*President, MCYM*
*Odisha Region*

The Malankara Catholic Odisha Mission started in 2013. A journey that started with just a pastor and four other members has reached a milestone. The MCYM Odisha Region consists of five States Odisha, Chhattisgarh, Jharkhand, Bihar, and West Bengal. The initial steps of the Mission included a large number of Mission visits and other activities along with charitable services. In every mission station, the presence of young people was very much strong so the priests and sisters made use of the youth spirit and they made the youth a part of the then ETRI (Extra-Territorial region of India) Mission of the Malankara Catholic church.

Later ETRI got divided into two Eparchies, i.e. Gurgaon Diocese and Pune Exarchate (Later St. Ephrem, Eparchy of Pune) in 2015. Since then, the structure of the youth movement got changed entirely in its character. At present, St. John Chrysostom, Eparchy of Gurgaon consists of two Ecclesiastical Districts which are Delhi Ecclesiastical District and Bhopal Ecclesiastical District, and, three Mission Regions, named Odisha Region, Delhi Region, and North East Region.

Our Odisha region consists of Seven units.

1. Junagarh unit

www.malankaralibrary.com

2. Nabarangpur unit
3. Karshahandi unit
4. Similimunda unit
5. Bilaspur unit
6. Bihar unit
7. Jharkhand unit

At the early stage of MCYM Odisha, we faced many challenges as everyone was new to the institution and very few were familiar with anything about MCYM and its by-laws. As the result, the systematic conduction of elections, Karmapaths, activities, and other meetings was very difficult.

With time we learn and grow. We have now managed to understand the system and function within its bounds as smoothly as possible.

Today we have more than 130 youth members. We arrange our youth activities in line with the five pillars of MCYM, i.e., Spiritual level, Church level, Socio-cultural level, and Mission level. We try to conduct monthly activities. The activities take place in units and region respectively. The Units are very much supportive in executing regional activities. We are always in support to fulfil and follow the instructions of the Diocesan team. Our focus is by-laws and we try our very best to adhere to them.

We would like to highlight the major challenges that we face in our region here. Many of the youths are not active. MCYM by-laws are familiar only at the executive level. The subscription collection is a tough job as this is a mission region. Language is a barrier for most of the youth members; some do not follow English and some others struggle to understand Hindi. Online meetings are inevitable nowadays. However, many of our youths are not able to attend any online programs or meetings due to network issues in the villages. Many of the youths are unemployed. A lot of them move to different places in search of employment and because of that, they are separated from the community.

Despite all these challenges, we are looking forward to an MCYM which can influence the youth across Odisha. MCYM Odisha as a whole is thirsty to grow in the love of our Lord and be better. We hope that with the help of established MCYM units, and their active participation and involvement in activities we will learn to be the leaders we are all meant to be. We believe in God's grace that our youth and the coming generation of youth will be blessed abundantly.

www.malankaralibrary.com



# സഭാതലസമിതി

## ആദരാഞ്ജലികൾ




സീറോ മലബാർ സഭ ചങ്ങനാശ്ശേരി അതിരൂപതയുടെ മുൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ പിതാവിന് എം.സി.വൈ.എം. സഭാതല സമിതിയുടെ ആദരാഞ്ജലികൾ

## മലങ്കര കത്തോലിക്ക യുവജനപ്രസ്ഥാനം സഭാതല സമിതിയുടെ പ്രതിഷേധം

ക്രൈസ്തവ വിശ്വാസത്തെ അവഹേളിച്ച എസ്.എഫ്.ഐ. നിലപാടിനെതിരെ പ്രതിഷേധിച്ച് മലങ്കര കത്തോലിക്ക യുവജനപ്രസ്ഥാനം സഭാതല സമിതി.

ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ തലശ്ശേരി ബ്രണ്ണൻ കലോത്സവവുമായി ബന്ധപ്പെട്ട് ക്രൈസ്തവ സമൂഹം രക്ഷയുടെ പ്രതീകമായ കാണുന്ന വിശുദ്ധ കുരിശിനെയും പവിത്രമായ വിശുദ്ധ കുമ്പസാരത്തെയും അപമാനിച്ചുകൊണ്ട് എസ്.എഫ്.ഐ. സ്ഥാപിച്ച ഫ്ളെക്സ് ബോർഡുകൾ ക്രൈസ്തവരുടെ മതവികാരത്തെ വ്രണപ്പെടുത്തുന്നതും ക്രൈസ്തവ സമൂഹത്തെ ഒന്നടങ്കം അപമാനിക്കുന്നതുമാണ്. പോസ്റ്റർ ഇറക്കിയ ബ്രണ്ണൻ കോളേജിലെ




എസ്എഫ്ഐയുടെ നിലപാടിനെതിരെ എം.സി. വൈ.എം. ശക്തമായി പ്രതിഷേധം രേഖപ്പെടുത്തുന്നു.

ജനാധിപത്യ രാജ്യമായ നമ്മുടെ ഈ ഭാരതത്തിൽ ക്രൈസ്തവ വിശ്വാസികൾക്കും വിശ്വാസത്തിനും എതിരെ ആസൂത്രിതമായി ഇടയ്ക്കിടെ ഉണ്ടാകുന്ന ഇത്തരം കാര്യങ്ങൾ അപലപനീയവും, വേദനാജനകവുമാണ്.

കുറച്ച് നാളുകൾക്കു മുമ്പ് വിശുദ്ധ ബൈബിൾ അഗ്നിക്കിരയാക്കിയതുമായി ബന്ധപ്പെട്ട ഒരു സംഭവം നമ്മുടെ മുമ്പിൽ ഉണ്ടായിരുന്നു, അത്തരത്തിൽ വീണ്ടും ആസൂത്രിതമായി വിദ്യാർത്ഥി സംഘടനകളിൽ നിന്നും ഉണ്ടാകുന്ന ഇത്തരം കാര്യങ്ങൾ ഒഴിവാക്കപ്പെടേണ്ടതാണ്. അതിനാൽ ക്രൈസ്തവ വിശ്വാസത്തെ അവഹേളിച്ച എസ്.എഫ്.ഐ. നിലപാട് തിരുത്തുവാൻ, ബന്ധപ്പെട്ടവർ തയ്യാറാകണമെന്ന് എം.സി. വൈ.എം സഭാതല സമിതി ആവശ്യപ്പെട്ടു.

www.malankaralibrary.com



## ആശംസകൾ










## തിരുവനന്തപുരം മേജർ അതിഭദ്രാസനം ALIVE 2K23 കർമ്മപദ്ധതി ഉദ്ഘാടനം

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ 2023 വർഷത്തെ കർമ്മപദ്ധതി ഉദ്ഘാടനവും, തീം പഠനവും "ALIVE 2K23" എന്ന പേരിൽ മാർച്ച് 18 ന് ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയോസ് സ്നേഹവീട്ടിൽ വച്ച് നടത്തപ്പെട്ടു

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ കർമ്മപദ്ധതി ഉദ്ഘാടനം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായ മെത്രാനും യുവജന കമ്മീഷൻ ചെയർമാനുമായിരിക്കുന്ന അഭിവന്ദ്യ ഡോ. മാത്യൂസ് മാർ പോളികാർപ്പസ് എപ്പിസ്ക്കോപ്പാ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഈ സമ്മേളനത്തിന് എം.സി.വൈ.എം തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പ്രസിഡന്റ് കുമാരി രഞ്ജിത ആർ. ജെ. അധ്യക്ഷത വഹിച്ചു. 'യുവജനങ്ങളെ ഉണരു, തിടുക്കത്തിൽ ഒന്നിച്ച് മുന്നേറാം' എന്ന ഈ വർഷത്തെ എം.സി. വൈ.എം.

www.malankaralibrary.com






തീം അടിസ്ഥാനമാക്കി എം.സി. വൈ.എം. സഭാതല സമിതിയുടെ ട്രഷറർ ആയിരിക്കുന്ന ശ്രീ. ജോബിൻ ഡേവിഡ് ക്ലാസ് നയിച്ചു. എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന ഡയറക്ടർ ബഹുമാനപ്പെട്ട ജോസഫ് തോട്ടത്തിൽകടയിൽ അച്ചൻ ആമുഖ സന്ദേശം നൽകുകയും ചെയ്തു. തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട തോമസ് കയ്യാലക്കൽ അച്ചനും സ്നേഹവീടിന്റെ ഡയറക്ടർ ആയിരിക്കുന്ന ബഹുമാനപ്പെട്ട ജോർജ്ജ് ജോഷ്വാ അച്ചനും ആശംസകൾ അറിയിച്ച് സംസാരിച്ചു. തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറാളായി നിയമിതനായ എം.സി.വൈ.എം. സഭാതല മുൻ ഡയറക്ടർ പെരിയ ബഹുമാനപ്പെട്ട തോമസ് കയ്യാലക്കൽ അച്ചനെ ആദരിക്കുകയും കഴിഞ്ഞ ഒരു വർഷക്കാലം എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ ഭാഗമായിരുന്ന പ്രിയപ്പെട്ട യുവജന സുഹൃത്തുക്കൾക്ക് ആദരവറിയിക്കുകയും ചെയ്തു.

## തിരുവല്ല അതിഭദ്രാസനം

### റീഹോറ്ദ് സൗമോ

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനം മീഡിയ – ഇന്റർസെഷൻ മിനിസ്ട്രികളുടെ സംയുക്ത നേതൃത്വത്തിൽ ഈശോയുടെ പീഡാനുഭവത്തിലേക്കും ഉത്ഥാനത്തിലേക്കും യോഗ്യതാപൂർവ്വം പ്രവേശിക്കാൻ നമ്മെ ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഓരോ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ നോമ്പുകാല ചിന്തകൾ എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ ഔദ്യോഗിക youtube ചാനൽ വഴി നോമ്പിന്റെ 50 ദിവസവും പങ്കുവെക്കുന്നു.

### GABRIELLA (ലോക വനിതാ ദിനം 2023) മൊബൈൽ ഫോട്ടോഗ്രാഫി മത്സരം




അന്താരാഷ്ട്ര വനിതാദിനത്തോട് അനുബന്ധിച്ച് എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ യുവതികൾക്കായി ഒരു മൊബൈൽ ഫോട്ടോഗ്രാഫി മത്സരം നടത്തപ്പെട്ടു.

### GABRIELLA

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ അനുഗൃഹീത മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ വനിതാ ദിനാഘോഷം ഓൺലൈനായി മാർച്ച് മാസം 8–ാം തീയതി വൈകുന്നേരം 7 മണിക്ക് ഗൂഗിൾ മീറ്റ് വഴി ക്രമീകരിച്ചു. വനിതാ ദിനാഘോഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം എം.സി. വൈ.എം. സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി നിർവഹിച്ചു. അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ്

www.malankaralibrary.com






പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. ഡോ. മരിയ ബിജു മുഖ്യാതിഥിയായിരുന്നു.


## നോമ്പു കാല യുവജന ധ്യാനം 'Lenten Journey'



എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന ഇന്റർസെഷൻ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ വിവിധ മേഖലകളിൽ ക്രമീകരിച്ച പരിശുദ്ധ വലിയ നോമ്പു കാല യുവജന ധ്യാനം 'Lenten Journey'

ഇതുവരെ തിരുവല്ല, വെണ്ണിക്കുളം, മല്ലപ്പള്ളി, നിരണം, എരുമേലി, കട്ടപ്പന മേഖലകളിൽ നടന്നു.

## പ്രതിഷേധ കൂട്ടായ്മ




വിശുദ്ധ കുരിശിനെയും ക്രൈസ്തവ വിശ്വാസത്തെയും അവഹേളിച്ച എസ്.എഫ്.ഐ. ബ്രണ്ണൺ കോളേജ് യൂണിറ്റിന്റെ പ്രവർത്തിക്കെതിരെയും കക്കുകളി എന്ന നാടകത്തിലൂടെ വീണ്ടും ഇത് അവതരിപ്പിക്കാൻ വേദി ഒരുക്കുന്ന AIYF തീരുമാനത്തിന് എതിരെയും ശക്തമായ പ്രതിഷേധ കൂട്ടായ്മ തിരുമൂലപുരം ജംഗ്ഷനിൽ വച്ച് 2023 മാർച്ച് 11-ാം തീയതി വൈകുന്നേരം 5:30 ന് നടത്തി.

അതിരൂപത മുഖ്യ വികാരി ജനറാൾ മോൺ. ഡോ. ഐസക്ക് പറപ്പള്ളിൽ ഉദ്ഘാടനം ചെയ്തു.

www.malankaralibrary.com



## പത്തനംതിട്ട ഭദ്രാസനം

### എലെയ്ൻ 2k23 പ്രവർത്തനവർഷ ഉദ്ഘാടനം



എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ 2023 വർഷത്തെ പ്രവർത്തന വർഷ ഉദ്ഘാടനം, വനിതാ ദിനാചരണം, ചാരിറ്റി ഉദ്ഘാടനം എന്നിവ എലെയ്ൻ 2k23 എന്ന പേരിൽ കോന്നി വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ അട്ടച്ചാക്കൽ സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഈ വർഷത്തെ എം.സി.വൈ.എം. ന്റെ തീമിനെ ആസ്പദമാക്കി നടന്ന ക്ലാസ്സ്ബഥനി തിരുവനന്തപുരം നവജീവൻ പ്രൊവിൻസ് സൂപ്പീരിയർ വെരി റവ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ O.I.C. നയിച്ചു. ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ് അധ്യക്ഷത വഹിച്ച പ്രവർത്തന വർഷ ഉദ്ഘാടന സമ്മേളനം പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ വച്ച് തിരുവനന്തപുരം മേജർ അതിരൂപതയുടെ എം.സി. വൈ.എം. പ്രസിഡന്റ് കുമാരി രഞ്ജിത ആർ. ജെ. പത്തനംതിട്ട ഭദ്രാസനത്തിലെ വിവിധ ദൈവാലയങ്ങളിൽ എം.സി.വൈ.എം. യൂണിറ്റുകളുടെ വനിതാ പ്രസിഡന്റുമാരായി സേവനം അനുഷ്ഠിക്കുന്നവരെ വനിതാ ദിനത്തിന്റെ ഭാഗമായി ആദരിച്ചു. വൈദിക ജില്ലാ വികാരി വെരി. റവ. ഫാ. വർഗീസ് കൈതോൺ അനുഗ്രഹസന്ദേശം നൽകി. റവ. ഫാ. എബ്രഹാം മേപ്പുറത്ത്, റവ. ഫാ. സ്കറിയ പതാലിൽ, റവ. ഫാ. മാത്യു പേഴുമൂട്ടിൽ, റവ. ഫാ. ജോർജ്ജ് വർഗീസ് പുതുപ്പറമ്പിൽ, റവ. സിസ്റ്റർ ഹൃദ്യ എസ്.ഐ.സി., സുബിൻ തോമസ്, ബിബിൻ എബ്രഹാം, ജിറ്റി കെ. എബ്രഹാം, ജിഷ ജോസ് എന്നിവർ പ്രസംഗിച്ചു. പത്തനംതിട്ട ഭദ്രാസനത്തിലെ വിവിധ ദൈവാലയങ്ങളിൽ യുവജനങ്ങൾ എലെയ്ൻ 2k23 യിൽ പങ്കെടുത്തു.

### വനിതാ ദിനാചരണം



എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വനിതാ ദിനത്തിന്റെ ഭാഗമായി പത്തനംതിട്ട ഭദ്രാസനത്തിലെ എം.സി. വൈ.എം. യൂണിറ്റുകളിലെ വനിതാ പ്രസിഡന്റുമാരെ ആദരിച്ചു. എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിരൂപതയുടെ പ്രസിഡന്റ് കുമാരി രഞ്ജിത ആർ. ജെ. വനിതാ ദിനാചരണത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

### ക്രിസ്തീയ വിശ്വാസത്തെയും, വിശുദ്ധ വസ്തുക്കളെയും അവഹേളിക്കുന്ന നടപടികൾ പ്രതിഷേധാർഹം – എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം

അനുദിനം സമൂഹത്തിൽ ക്രിസ്തീയതയെ അപമാനിക്കുന്ന തരത്തിലുള്ള നടപടികൾ ഭരണപക്ഷ വിദ്യാർത്ഥി സംഘടനയുടെ ഭാഗത്തു നിന്ന് പോലും ഉണ്ടാകുന്നത് ക്രിസ്തീയ സമൂഹത്തിനോടുള്ള വെല്ലുവിളി. വിശുദ്ധ ബൈബിൾ കത്തിച്ചു സോഷ്യൽ മീഡിയായിൽ കൂടി പങ്കുവെച്ചത്, തലശ്ശേരി ബ്രണ്ണൻ കോളേജിൽ കലോത്സവ നഗരിയിൽ വിശുദ്ധ കുരിശിനെ അവഹേളിച്ചു എസ്.എഫ്.ഐ. എന്ന വിദ്യാർത്ഥി സംഘടന ഫ്ളക്സ് വച്ചത്, ക്രിസ്തീയ സന്യാസത്തെ അവഹേളിച്ചു കക്കുളി നാടകം എ.ഐ. വൈ.എഫ്. എന്ന രാഷ്ട്രീയ യുവജന സംഘടനയുടെ ഭാഗത്തു നിന്ന് പ്രദർശിപ്പിക്കുന്നത്, ഇപ്രകാരം സമൂ

www.malankaralibrary.com






ഹത്തിൽ ക്രിസ്തീയ വിശ്വാസത്തിനു നേരെ ഉണ്ടാകുന്ന സംഭവ വികാസങ്ങളെ ആശങ്കയോടെയാണ് ക്രിസ്തീയ സമൂഹം നോക്കി കാണുന്നത്. കേരള സംസ്ഥാനത്ത് ഈ കഴിഞ്ഞ ദിവസങ്ങളിലായി ക്രിസ്തീയ വിശ്വാസത്തെയും ക്രിസ്തീയ സമൂഹം വിശുദ്ധ വസ്തുക്കളായി അവരുടെ ജീവിതചര്യയുടെ ഭാഗമായി കരുതുന്നവയെ പോലും അവഹേളിക്കുന്ന നടപടികൾ ഉണ്ടായതിനെതിരെ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ പ്രധിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ് അദ്ധ്യക്ഷത വഹിച്ച പ്രധിഷേധ കൂട്ടായ്മ എം.സി.വൈ.എം. ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ ഉദ്ഘാടനം ചെയ്തു. മദർ തമീം എസ്.ഐ.സി., സിസ്റ്റർ ഹൃദ്യ എസ്.ഐ.സി, സിസ്റ്റർ ആഗ്നറ്റ് എസ്.ഐ.സി. ബിബിൻ എബ്രഹാം എന്നിവർ പ്രധിഷേധ കൂട്ടായ്മയിൽ പ്രസംഗിച്ചു.

### സ്നേഹം യാഗമായ കാൽവരി യാത്ര അനുസ്മരിച്ചുകൊണ്ട് കുരിശിന്റെ വഴി

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിലെ സെനറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ പെരുന്നാട് കുരിശുമല ദൈവാലയത്തിൽ കുരിശിന്റെ വഴിയും അനുബന്ധ പ്രാർത്ഥനകളും നടത്തപ്പെട്ടു. എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ, റവ. ഫാ. ഗീവർഗീസ് പാലമൂട്ടിൽ എന്നിവർ കുരിശിന്റെ വഴിക്ക് നേതൃത്വം നൽകി. കപ്പേളയിൽ കരുണ കൊന്തയോടെ തുടങ്ങിയ ശുശ്രൂഷകൾക്ക് എം.സി.വൈ.എം. ഭദ്രാസന സെനറ്റിനോട് ചേർന്ന് അതിരുങ്കൽ യൂണിറ്റ് അംഗങ്ങളും പങ്കെടുത്തു.



## മാവേലിക്കര ഭദ്രാസനം

### നോമ്പുകാല പ്രാർത്ഥനയും വിശുദ്ധ കുമ്പസാരവും



എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നോമ്പുകാല പ്രാർത്ഥനയും

www.malankaralibrary.com



വിശുദ്ധ കുമ്പസാരവും കറ്റാനം, മാവേലിക്കര, ചെങ്ങന്നൂർ വൈദിക ജില്ലകളിലെ യുവജനങ്ങൾക്കായി കറ്റാനം വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ ചാരുമൂട്, സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് 2023 മാർച്ച് 5 ന് നടത്തപ്പെട്ടു. എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് മുകുളുംപുറത്ത് ധ്യാനം നയിച്ചു. സൗഖ്യദായകനായ യേശു ക്രിസ്തുവിനെ ഹൃദയത്തോട് ചേർത്ത് വച്ച് ഹൃദയം ഉരുകി പ്രാർത്ഥിക്കാൻ ലഭിച്ച നിമിഷങ്ങൾ. തുടർന്ന് വിശുദ്ധ കുർബാനയുടെ ആരാധനയും വിശുദ്ധ കുമ്പസാരവും നടത്തപ്പെട്ടു.

## പ്രതിഷേധജ്വാല



ക്രൈസ്തവ വിശ്വാസത്തെയും വൈദികരെയും സന്ന്യസ്തരെയും അവഹേളിക്കുന്ന സംഭവങ്ങൾ വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ പ്രതിഷേധജ്വാല സംഘടിപ്പിച്ചു. കൊല്ലം കടപ്പാക്കട സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് കൊല്ലം വൈദിക ജില്ലാ വികാരി റവ. ഫാ. ജോസ് വെണ്മലോട്ട് പ്രരംഭ പ്രാർത്ഥനയും ആമുഖ സന്ദേശവും നൽകി തുടർന്ന് ചിന്നക്കടയിലേക്ക് നടന്ന പ്രതിഷേധ റാലിയിൽ ഇരുന്നൂറോളം സിസ്റ്റേഴ്സും വൈദികരും യുവജനങ്ങളും പങ്കെടുത്തു. തുടർന്ന് എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജിയുടെ അധ്യക്ഷതയിൽ നടന്ന പ്രതിഷേധ സദസ്സിന് എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന ജനറൽ സെക്രട്ടറി രഞ്ചു രാജു സ്വാഗതം ആശംസിക്കുകയും ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് മുകുളുംപുറത്ത് ആമുഖ സന്ദേശം നൽകുകയും ചെയ്തു. മാവേലിക്കര ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്ത പ്രതിഷേധ സദസ്സിന് റവ. ഫാ. ബേണി വർഗ്ഗീസ് OFM മുഖ്യസന്ദേശം നൽകുകയും ചെയ്തു. സന്യാസിനികളെ പ്രതിനിധികരിച്ച് റവ. സി. ആഗ്നറ്റ് എസ്.ഐ.സി., കെ.സി.വൈ.എം. മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീമതി ഡെലിൻ ഡേവിഡ് എന്നിവർ സംസാരിച്ചു. ബഥനി സന്ന്യാസിനി സമൂഹം മദർ ജനറൽ റവ. ഡോ. സി. ആർദ്ര എസ്.ഐ.സി, ബഥനി സന്ന്യാസിനി സമൂഹം പത്തനംതിട്ട പ്രോവിൻസിന്റെ പ്രോവിൻഷ്യൽ റവ. സി. തമീം എസ്.ഐ.സി, വിമലഹൃദയ സഭയുടെ ജനറൽ കൗൺസിലർ സി. റെനോറ മെരി, ഭദ്രാസന അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ ജോൺ അയണുവേലിൽ, നിരവധി വൈദികർ, സിസ്റ്റേഴ്സ്, യുവജനങ്ങൾ എന്നിവർ പങ്കെടുത്തു. എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന ട്രഷറർ കിച്ചു തോമസ് പ്രതിഷേധത്തിന് നന്ദി അറിയിച്ചു.

## പാറശ്ശാല ഭദ്രാസനം

### അസ്സീസിയൻ Get Set... Go...



പാറശ്ശാല ഭദ്രാസനത്തിലെ എം.സി.വൈ. എം.ന്റെ 2023 വർഷത്തെ കർമപദ്ധതി, അസ്സീസിയൻ Get Set... Go... അഭിവന്ദ്യ തോമസ് മാർ യൗസേബി

www.malankaralibrary.com



യോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. 2023 മാർച്ച് 19-ാം തീയതി ചെമ്പരത്തിവിള സെന്റ് ഫ്രാൻസിസ് സേവ്യർ ദൈവാലയത്തിൽ വച്ച് നടന്ന ഉദ്ഘാടന പരിപാടികളിൽ 400 ഓളം യുവജനങ്ങൾ പങ്കെടുത്തു. ഭദ്രാസന ആനിമേറ്റർ സി. സീന ജോൺ ഡി.എം. പതാക ഉയർത്തി പരിപാടികൾക്ക് തുടക്കം കുറിച്ചു.

'യുവജനങ്ങളെ ഉണരൂ, നമുക്ക് തിടുക്കത്തിൽ മുന്നേറാം' എന്ന ഈ വർഷത്തെ പഠനവിഷയം ഭദ്രാസന ഡയറക്ടർ ഫാ. ഡോ. പ്രഭീഷ് ജോർജ് അവതരിപ്പിച്ചു.

ഭദ്രാസന പ്രസിഡൻറ് ശരത് ലാലിന്റെ അധ്യക്ഷതയിൽ കൂടിയ പൊതു സമ്മേളനത്തിൽ ഭദ്രാസന ജനറൽ സെക്രട്ടറി അരുൺ ടി. എസ്. സ്വാഗതവും ഭദ്രാസന ഡയറക്ടർ ഫാ. ഡോ. പ്രഭീഷ് ജോർജ്ജ് ആമുഖസന്ദേശവും നൽകി. പാറശ്ശാല ഭദ്രാസനത്തിന്റെ 2023 പ്രവർത്തനവർഷത്തെ കർമപദ്ധതികൾ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത പ്രകാശനം ചെയ്തു. തദവസരത്തിൽ ചെമ്പൂർ, നെയ്യാറ്റിൻകര വൈദിക ജില്ലകളുടെയും കർമ്മപദ്ധതികൾ അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു.

പ്രസ്തുത സമ്മേളനത്തിൽ അസി. ഡയറക്ടർ ഫാ. വിമൽ വിൻസെന്റ്, നെയ്യാറ്റിൻകര ജില്ലാ ഡയറക്ടർ ഫാ. ബിജോയ് ഊരാളിവിള, ജില്ലാ പ്രസിഡന്റ് അരുൺ എം. എസ്, ചെമ്പരത്തിവിള യൂണിറ്റ് പ്രസിഡന്റ് സുവർണ എസ്. എന്നിവർ ആശംസകൾ അറിയിച്ചു.

പ്രസ്തുത സമ്മേളനത്തിന് ഭദ്രാസന ട്രഷറർ നന്ദി അറിയിച്ചു. നെയ്യാറ്റിൻകര വൈദിക ജില്ല ആതിഥേയത്വം വഹിച്ച പരിപാടികളുടെ ക്രമീകരണങ്ങൾക്ക് ചെമ്പരത്തിവിള യൂണിറ്റ് നേതൃത്വം നൽകി. സ്നേഹ ഭോജനത്തോടെ പരിപാടികൾ സമാപിച്ചു.

### അസ്സീസിയൻ One Hour

മലങ്കര സുറിയാനി കത്തോലിക്കാ സഭ നടത്തുന്ന നവീകരണ വർഷത്തിന്റെ ഭാഗമായി പാറശ്ശാല ഭദ്രാസനം നടത്തുന്ന സഭാ നവീകരണ ശുശ്രൂഷയിൽ ഭദ്രാസനത്തിലെ യുവജനങ്ങളും പങ്കാളികളായി. അനുതപിച്ച് ദൈവത്തിലേയ്ക്ക് തിരിയാനും ദൈവകരുണയ്ക്കുവേണ്ടി പ്രാർത്ഥിക്കാനുമായി 2023 ഫെബ്രുവരി മാസത്തിൽ യൂണിറ്റ് തലത്തിൽ അസ്സീസിയൻ One Hour സംഘടിപ്പിച്ചു. നവീകരണ മാസത്തിലെ ഒരു ദിവസം യുവജനങ്ങൾ അതാത്




യൂണിറ്റുകളിൽ ഒരു മണിക്കൂർ ആരാധന നടത്തി. സഭയുടെ നവീകണത്തിനായി യുവജനങ്ങളുടെ നേതൃത്വത്തിൽ വി. വേദപുസ്തക പ്രതിഷ്ഠ നടത്തിയശേഷം ഭക്തിഗാനങ്ങൾ, വചനവായന, മദ്ധ്യസ്ഥ പ്രാർത്ഥന, സ്വയംപ്രേരിത പ്രാർത്ഥന, എന്നിവ നടത്തി പ്രാർത്ഥിച്ചു. ക്രമീകരണങ്ങൾക്ക് ഭദ്രാസന സമിതി നേതൃത്വം നൽകി.